LIBRARY ARCHIVES Kerala Legislative Assembly

സുനാമി മൂലം ദുരിതമനുഭവിക്കുന്ന കയർതൊഴിലാളികൾക്കുള്ള ധനസഹായം

130 [2029] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്തംമൂലം ദുരിതമനുഭവിക്കുന്ന കയർ തൊഴിലാളികളെ സംരക്ഷിക്കാൻ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) എത്ര പേർക്കാണ് ധനസഹായം അനുവദിച്ച് നൽകിയിട്ടുള്ളത് ?

ഉത്തരം

(എ), (ബി) സുനാമി ദുരന്തംമൂലം 14 കയർ തൊഴിലാളികൾ മരിച്ചിട്ടുണ്ട്. മരണമടഞ്ഞ കയർ തൊഴിലാളികളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞിരുന്നവർക്ക് 1,000 രൂപ വീതവും നൽകിയിട്ടുണ്ട്. മരിച്ച കയർതൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് പ്ലെയിമായി 25,000 രൂപ വീതം നൽകുന്നതിനുള്ള അനുമതിക്കായി കയർ ബോർഡിന് അപേക്ഷ നൽകിയിട്ടുണ്ട്. മരണമടഞ്ഞ കയർ തൊഴിലാളികളിൽ ഒരാളുടെ ആശ്രിതർക്ക് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 5,000 രൂപ നൽകിയിട്ടുണ്ട്. കൂടാതെ ബോർഡിൽ നിന്നുള്ള ധനസഹായത്തിനായി ലഭിച്ച നൂറോളം അപേക്ഷകൾ ബോർഡ് പരിഗണിച്ചു വരുന്നു.

പരസ്യം നൽകിയ ഇനത്തിൽ കുടിശ്ശിക

131 [2030] ശ്രീ. തോമസ് ഉണ്ണിയാടൻ :

,, സ്റ്റീഫൻ ജോർജ് :

,, ജോസഫ് എം. പുതുശ്ശേരി :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുൻ സർക്കാരിന്റെ കാലത്ത് പരസ്യം നൽകിയ ഇനത്തിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും, ദിനപ്പത്രങ്ങൾക്കും എത്ര രൂപയാണ് നൽകാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ദിനപ്പത്രങ്ങളുടേയും, ആനുകാലിക പ്രസിദ്ധീകരണങ്ങളുടേയും പേരുവിവരം വെളിപ്പെടുത്താമോ ;

(സി) പരസ്യക്കുടിശ്ശിക കിട്ടാത്തതിന്റെ പേരിൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെതിരെ ആരെങ്കിലും നിയമനടപടിക്ക് ശ്രമിച്ചിട്ടുണ്ടോ;